Scottish Legal Aid Board

# സിവിൽ നിയമ സഹായം അപേക്ഷകർക്കുള്ള വിവരങ്ങൾ

## സിവിൽ നിയമ സഹായവും, ഉപദേശവും പിന്തുണയും വിശദീകരിക്കുന്നു

*ഒരു സിവിൽ കേസിനായി നിയമസഹായം തേടുന്ന ഏതൊരു വ്യക്തിക്കും ഒരു അഭിഭാഷകൻ ഇത് നൽകണം*

അവസാനമായി പുതുക്കിയത്
മാർച്ച് *2025*

## ഞങ്ങളെ ബന്ധപ്പെടുക

വെബ്സൈറ്റ് - **www.slab.org.uk**
ഞങ്ങളുടെ വെബ്സൈറ്റിൽ ഞങ്ങളുടെ സേവന മാനദണ്ഡങ്ങളുടെ വിശദാംശങ്ങളും അടങ്ങിയിരിക്കുന്നു.

ടെലിഫോൺ - **0131 226 7061**
ഇത് ഞങ്ങളുടെ പൊതു നമ്പർ ആണ്. Calls by Contact Scotland

സ്വാഗതം ചെയ്യുന്നു.

ഇമെയിൽ - **general@slab.org.uk**

ഞങ്ങൾ നേരിട്ട് നിയമ സഹായം **നൽകുന്നില്ല**. അഭിഭാഷകരാണ് ഇത് ചെയ്യുന്നത്. ഞങ്ങൾ നിയമസഹായ സംവിധാനം കൈകാര്യം ചെയ്യുന്നു.

## സിവിൽ ലീഗൽ അസിസ്റ്റൻസ് ഓഫീസുകൾ

സിവിൽ നിയമ സഹായ ഓഫീസുകളിൽ ഒരെണ്ണത്തിൽ ജോലി ചെയ്യുന്ന ഒരു അഭിഭാഷകനിൽ നിന്ന് ചില തരത്തിലുള്ള പ്രശ്നങ്ങളിൽ നിങ്ങൾക്ക് സഹായം ലഭിച്ചേക്കാം.

നിയമസഹായത്തിന് അർഹതയുള്ള, എന്നാൽ നിയമസഹായമോ അല്ലെങ്കിൽ ഒരു അഭിഭാഷകന്റെ സേവനങ്ങളോ കണ്ടെത്തുന്നതിൽ പ്രയാസമുള്ള പ്രദേശത്തെ ആളുകളെ മാത്രമേ ഈ ഓഫീസുകൾക്ക് സഹായിക്കാൻ കഴിയൂ.

വെബ്സൈറ്റ് **www.clao.org.uk**

**അബർദീൻ:** 01224 402330, aberdeen@clao.org.uk, 353 യൂണിയൻ സ്ട്രീറ്റ്, അബർഡീൻ, AB11 6BT

**എഡിൻബർഗ്:** 0131 240 1960, edinburgh@clao.org.uk, 4 -ാം നില, തിസിൽ ഹൗസ്, 91 ഹേമാർക്കറ്റ് ടെറസ്, എഡിൻബർഗ്, EH12 5HE

**ഹൈലാൻഡും ദ്വീപുകളും:** 01463 641 770, inverness@clao.org.uk, 2 കാസിൽ വൈൻഡ്, ഇൻവർനെസ്, IV2 3EB

**ആർഗിൽ ആൻഡ് ബ്യൂട്ട്:** 01463 641 770, oban@clao.org.uk, ആർഗിൽ ആൻഡ് ബ്യൂട്ട് കൗൺസിൽ ഓഫീസസ്, മുനിസിപ്പൽ ബിൽഡിംഗ്സ്, ഒബാൻ, PA34 4AW

## മറ്റ് ഉപയോഗപ്രദമായ കോൺടാക്റ്റുകൾ

സിറ്റിസൺസ് അഡ്വൈസ് സ്കോട്ട്ലൻഡ് (www.cas.org.uk), മണി അഡ്വൈസ് സെന്ററേഷ്ഷ് (www.moneyadvicescotland.org.uk) ഷെൽട്ടർ (ഇത് താമസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു, www.scotland.shelter.org.uk) പോലുള്ള സംഘടനകളിൽ നിന്ന് സൗജന്യ ഉപദേശം ലഭ്യമാണ്.

# ഉള്ളടക്കം

*1*. എന്താണ് സിവിൽ നിയമ സഹായം? 5

*2*. എനിക്ക്  സിവിൽ നിയമ സഹായം നൽകാൻ കഴിയുന്ന രജിസ്റ്റർ ചെയ്ത ഒരു അഭിഭാഷകനെ ഞാൻ എങ്ങനെ കണ്ടെത്തും? 7

*3*. സിവിൽ ഉപദേശവും സഹായവും 7

*4*. സിവിൽ നിയമ സഹായം 11

*5*. എനിക്ക് ഉപദേശത്തിനും സഹായത്തിനും, അല്ലെങ്കിൽ സിവിൽ നിയമസഹായത്തിന് യോഗ്യതയില്ലെങ്കിൽ എങ്ങനെ സൗജന്യ ഉപദേശം ലഭിക്കും? 16

*6*. എനിക്ക് എത്ര പണം നൽകാൻ കഴിയും? 16

*7*. എന്റെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്? 24

*8*. എനിക്ക് അഭിഭാഷകനെ മാറ്റാനാവുമോ? 29

*9*. സ്ലാബിന് നിയമ സഹായം പിൻവലിക്കാൻ കഴിയുമോ? 30

*10*. എന്റെ അഭിഭാഷകൻ എനിക്ക് വേണ്ടി സ്വകാര്യമായി പ്രവർത്തിക്കാമെന്ന് നിർദ്ദേശിക്കുകയോ, അല്ലെങ്കിൽ എനിക്ക് നിയമസഹായം ലഭിക്കുമ്പോൾ പണം ഈടാക്കുകയാണെങ്കിൽ എന്തുചെയ്യും? 31

*11*. സ്കോട്ടിഷ്  നിയമസഹായ ബോർഡിൽ നിന്ന് എനിക്ക് എന്ത് പ്രതീക്ഷിക്കാം?32

*12*. എന്റെ അഭിഭാഷകനിൽ നിന്ന് എനിക്ക് എന്ത് പ്രതീക്ഷിക്കാം? 34

# 1 എന്താണ് സിവിൽ നിയമ സഹായം ?

സിവിൽ നിയമ സഹായം ആളുകളെ നിയമോപദേശം നേടാനും അവരുടെ സിവിൽ കേസ് കോടതിയിൽ സമർപ്പിക്കാൻ ഒരു അഭിഭാഷകന്റെ സഹായം നേടാനും സഹായിക്കുന്നു. **ഇത് സൗജന്യമായിരിക്കാം അല്ലെങ്കിൽ നിങ്ങൾ അതിന് പണം നൽകേണ്ടി വന്നേക്കാം.**

സിവിൽ പ്രശ്നങ്ങളുടെ ഉദാഹരണങ്ങൾ:

- വിവാഹമോചനവും കുടുംബങ്ങളെയും കുട്ടികളെയും ബാധിക്കുന്ന മറ്റ് കാര്യങ്ങളും.
- ഒരു അപകടത്തിനുശേഷം അല്ലെങ്കിൽ ചികിത്സാ അവഗണനയ്ക്ക് നഷ്ടപരിഹാരം നേടാൻ ശ്രമിക്കുക.
- വാടക അല്ലെങ്കിൽ വായ്പാ കുടിശ്ശികകൾ, അറ്റകുറ്റപ്പണികൾ, ഒഴിപ്പിക്കൽ എന്നിവ പോലുള്ള താമസ സംബന്ധമായ കാര്യങ്ങൾ.
- കടവും ക്ഷേമപരമായ അവകാശങ്ങളും.
- കുടിയേറ്റം, ദേശീയത, അഭയം എന്നിവയുമായി

ബന്ധപ്പെട്ട വിഷയങ്ങൾ. രണ്ട് തരത്തിലുള്ള

സഹായമുണ്ട്:

## ഉപദേശവും സഹായവും

സിവിൽ, ക്രിമിനൽ അല്ലെങ്കിൽ കുട്ടികളുടെ ഏതെങ്കിലും വിഷയത്തിൽ, സ്കോട്ട്ലൻഡിലെ നിയമത്തിൽ ഒരു അഭിഭാഷകന്റെ ഉപദേശം പണം നൽകി നേടാൻ ഇത് സഹായിക്കുന്നു-ഉദാഹരണത്തിന്, കോടതിയിൽ പോകാതെ നിങ്ങൾക്കായി ഒരു തർക്കം പരിഹരിക്കാൻ ശ്രമിക്കുക. നിങ്ങൾ ഉന്നയിച്ച വിഷയത്തെക്കുറിച്ച് നിങ്ങൾക്ക് ഉപദേശം നൽകുന്നതിനൊപ്പം, നിങ്ങളുടെ അഭിഭാഷകന് ഇനിപ്പറയുന്നവയ്ക്കും കഴിയും:

- നിങ്ങൾക്ക് നിയമപരമായ ഒരു കേസ്

മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമോ എന്ന് നിങ്ങളെ ഉപദേശിക്കുക.

- അത് പരിഹരിക്കുന്നതിന് മറ്റ് കക്ഷികളുമായി ചർച്ച നടത്താൻ ശ്രമിക്കുക.
- കേസ് കോടതിയിലേക്ക് കൊണ്ടുപോകാൻ നിയമസഹായത്തിന് അപേക്ഷിക്കണോ വേണ്ടയോ എന്ന് നിർദ്ദേശിക്കുക.
- നിങ്ങൾക്ക് വേണ്ടി കത്തുകൾ എഴുതുക അല്ലെങ്കിൽ റിപ്പോർട്ടുകൾ നേടുക.

## സിവിൽ നിയമ സഹായം

ഈ ലഘുലേഖ സിവിൽ വിഷയങ്ങൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത്. കോടതിയിൽ നിങ്ങൾക്കായി പ്രവർത്തിക്കാൻ നിങ്ങളുടെ അഭിഭാഷകന് പണം നൽകാൻ സിവിൽ നിയമ സഹായം സഹായിക്കുന്നു. ഇതിൽ തയ്യാറാക്കൽ ജോലി ഉൾക്കൊള്ളുന്നു, അതുപോലെ തന്നെ, വാദത്തിനൊപ്പം ആവശ്യമെങ്കിൽ അഭിഭാഷകർക്കും വിദഗ്ദ്ധർക്കും ധനസഹായവും നൽകാനും കഴിയും.

## എനിക്ക് ഏത് തരം സിവിൽ നിയമ സഹായമാണ് ആവശ്യം?

ചില ആളുകൾക്ക് ഉപദേശവും സഹായവും മാത്രമേ ആവശ്യമുള്ളൂ, ചിലർക്ക് നിയമസഹായം മാത്രമേ ആവശ്യമുള്ളൂ, ചിലർക്ക് രണ്ടും ആവശ്യമാണ്. നിരവധി ആളുകൾ ഉപദേശവും സഹായവും ഉപയോഗിച്ച് നിയമ നടപടിക്രമം ആരംഭിക്കുകയും തുടർന്ന് നിയമസഹായത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു.

ക്രിമിനൽ നിയമ സഹായം അല്ലെങ്കിൽ കുട്ടികളുടെ നിയമ സഹായം സംബന്ധിച്ച വിവരങ്ങൾക്ക് ദയവായി www.slab.org.uk എന്നതിലേക്ക് പോവുക

നിങ്ങൾ ഉപദേശത്തിനും സഹായത്തിനും യോഗ്യത നേടുന്നില്ലെങ്കിൽ, അപ്പോഴും നിയമസഹായത്തിന് യോഗ്യത

നേടിയേക്കാം, അതേ പോലെ തിരിച്ചും സാധ്യമാണ്. കാരണം ഈ രണ്ട് കാര്യങ്ങൾക്ക് നിങ്ങൾക്ക് യോഗ്യത നൽകുന്ന കാര്യങ്ങൾ വ്യത്യസ്തമാണ്. ഇതിനെക്കുറിച്ച് നിങ്ങളുടെ അഭിഭാഷകനോട് ചോദിക്കുക.

## 2 എനിക്ക് സിവിൽ നിയമ സഹായം നൽകാൻ രജിസ്റ്റർ ചെയ്ത ഒരു അഭിഭാഷകനെ എങ്ങനെ കണ്ടെത്തും?

ഞങ്ങൾക്കൊപ്പം രജിസ്റ്റർ ചെയ്ത ഒരു അഭിഭാഷകൻ വഴി നിങ്ങൾ നിയമ സഹായത്തിനായി അപേക്ഷിക്കണം. ഇത് ഒരു സ്വകാര്യ പ്രാക്ടീസ്, ഒരു നിയമ കേന്ദ്രം അല്ലെങ്കിൽ മറ്റ് അഡ്വൈസ് ഏജൻസി അല്ലെങ്കിൽ ഞങ്ങളുടെ സിവിൽ ലീഗൽ അസിസ്റ്റൻസ് ഓഫീസുകളിലൊന്നിൽ ജോലി ചെയ്യുന്ന ഒരു അഭിഭാഷകനാകാം.

ഒരു അഭിഭാഷകനെ കണ്ടെത്താൻ:
- www.slab.org.uk സന്ദർശിച്ച് സോളിസിറ്റർ ഫൈൻഡർ എന്നത് ഉപയോഗിക്കുക.
- ഒരു ഫോൺ ബുക്കിൽ തിരയുകയോ അല്ലെങ്കിൽ നിങ്ങളുടെ പ്രാദേശിക സിറ്റസൺസ് അഡ്വൈസ് ബ്യൂറോയിൽ ബന്ധപ്പെടുകയോ ചെയ്യുക.

SLAB-ന്റെ സിവിൽ ലീഗൽ അസിസ്റ്റൻസ് ഓഫീസുകളെ ബന്ധപ്പെടാനുള്ള വിശദാംശങ്ങൾക്ക്, മുൻ കവറിന്റെ ഉൾവശം കാണുക.

## 3 സിവിൽ ഉപദേശവും സഹായവും

### ഉപദേശത്തിനും സഹായത്തിനും ഞാൻ എങ്ങനെയാണ് സാമ്പത്തികമായി യോഗ്യത നേടുക?

നിങ്ങൾക്ക് യോഗ്യതയുണ്ടെങ്കിൽ നിങ്ങളുടെ അഭിഭാഷകൻ അത് നിങ്ങളോട് പറയും. സാധാരണയായി, ഇനിപ്പറയുന്നവ

ഉണ്ടെങ്കിൽ നിങ്ങൾ യോഗ്യത നേടും:

- നിങ്ങളുടെ സമ്പാദ്യവും നിങ്ങൾക്ക് സ്വന്തമായുള്ള മൂല്യമുള്ള എന്തും (നിങ്ങൾ താമസിക്കുന്ന വീട് ഉൾപ്പെടെ) ഒരു നിശ്ചയിച്ച തുകയിലും കുറവാണ്.
- നിങ്ങൾക്ക് ചില ആനുകൂല്യങ്ങൾ ലഭിക്കും.
- നിങ്ങൾ പ്രതിവാരം ചെലവഴിക്കുന്ന വരുമാനം (നിങ്ങൾ ചില ബില്ലുകളും അലവൻസുകളും അടച്ചതിന് ശേഷം) ഒരു നിശ്ചയിച്ച തുകയിലും കുറവാണ്.

ഈ നിശ്ചയിക്കപ്പെട്ട തുകകളും ആനുകൂല്യങ്ങളും ഓരോ വർഷവും മാറുന്നു. ഏറ്റവും പുതിയ തുകകൾക്കും ഓൺലൈൻ കാൽക്കുലേറ്ററിനും ദയവായി www.slab.org.ukകാണുക

ഉപദേശത്തിനും സഹായത്തിനും, നിങ്ങൾ മൂലധനത്തിൽ (നിങ്ങൾക്ക് സ്വന്തമായുള്ള സമ്പാദ്യവും മൂല്യവും) നിന്ന് ഒരു സംഭാവന നൽകേണ്ടതില്ല, എന്നാൽ അപ്പോഴും നിങ്ങൾക്ക് എത്രത്തോളം ലഭിക്കുന്നു എന്നതിനെ ആശ്രയിച്ച് നിങ്ങൾ വരുമാനത്തിൽ നിന്ന് നൽകേണ്ടിവരും.

ഒരു ട്രേഡ് യൂണിയൻ, ഇൻഷുറൻസ് കമ്പനി അല്ലെങ്കിൽ പ്രൊഫഷണൽ ബോഡി പോലുള്ള മറ്റൊരാളിൽ നിന്ന് സഹായം നിങ്ങൾക്ക് ലഭ്യമല്ലെന്ന് നിങ്ങൾ കാണിക്കേണ്ടതുണ്ട്.

## ഉപദേശം, സഹായം എന്നിവയ്ക്കായി ഒരു അഭിഭാഷകനെ കാണുമ്പോൾ എന്താണ് കയ്യിൽ കരുതേണ്ടത്

നിങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് നിങ്ങളുടെ അഭിഭാഷകന് ശരിയായ വിവരങ്ങൾ നൽകേണ്ടത് പ്രധാനമാണ്: നിങ്ങളുടെ വരുമാനം, സമ്പാദ്യം, ആശ്രിതർ (കുട്ടികൾ അല്ലെങ്കിൽ നിങ്ങൾ സഹായിക്കുന്ന മറ്റ് ആളുകൾ). നിങ്ങൾ ഇനിപ്പറയുന്നവ കയ്യിൽ എടുക്കണം:

- നിങ്ങളുടെ വരുമാനത്തിന്റെയും ഏതെങ്കിലും മൂലധനം അല്ലെങ്കിൽ സമ്പാദ്യം കാണിക്കുന്ന നിങ്ങളുടെ ഏറ്റവും പുതിയ ബാങ്ക് സ്റ്റേറ്റ്മെന്റ്(കൾ).
- സമീപകാലത്തെ ശമ്പള സ്ലിപ്പുകൾ, അതല്ല നിങ്ങൾ സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ അക്കൗണ്ടുകൾ.
- ഒരു മുൻ തൊഴിലുടമയിൽ നിന്നുള്ള പെൻഷൻ പേയ്മെന്റ് അഡ്വൈസ്, അല്ലെങ്കിൽ നിങ്ങളുടെ പെൻഷൻ അല്ലെങ്കിൽ ബെനിഫിറ്റ് ബുക്ക്.
- നിലവിലെ ആനുകൂല്യങ്ങൾ നൽകുന്ന കത്തുകൾ അല്ലെങ്കിൽ അറിയിപ്പുകൾ.
- എല്ലാ സേവിംഗ്സുകളുടെയും അല്ലെങ്കിൽ അക്കൗണ്ടുകളുടെയും വിശദാംശങ്ങൾ-ബാങ്ക് / ബിൽഡിംഗ് സൊസൈറ്റി / പോസ്റ്റ് ഓഫീസ് സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽ പാസ്ബുക്ക് മുതലായവ.

നിങ്ങൾ തുടക്കത്തിൽ ഈ തെളിവുകൾ നൽകുന്നില്ലെങ്കിൽ, നിങ്ങളുടെ അപേക്ഷ വൈകിയേക്കാം. നിങ്ങളുടെ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് നിങ്ങൾ നൽകിയ വിവരങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ നിങ്ങളുടെ അഭിഭാഷകന് നിങ്ങൾക്കായി ജോലി ചെയ്യാൻ ആരംഭിക്കാൻ കഴിയൂ.

നിങ്ങൾ നൽകുന്ന വിവരങ്ങൾ പരിശോധിക്കുന്നതിനായി നിങ്ങളുടെ അഭിഭാഷകൻ അല്ലെങ്കിൽ SLAB നിങ്ങളുടെ തൊഴിൽ ദാതാവ്, ബാങ്ക് അല്ലെങ്കിൽ സർക്കാർ

ആനുകൂല്യങ്ങൾക്കുള്ള ഓഫീസുകൾ പോലുള്ള മറ്റ് ആളുകൾക്ക് കത്തെഴുതിയേക്കാം. ഞങ്ങളുടെ അന്വേഷണങ്ങളിൽ നിങ്ങൾ സഹായിക്കുന്നില്ലെങ്കിൽ നിങ്ങളുടെ അഭിഭാഷകൻ നിങ്ങൾക്കായി ജോലി ചെയ്യുന്നത് നിർത്തേണ്ടിവരും, നിങ്ങളുടെ കേസിനായി ഞങ്ങൾ നൽകിയ ഏത് തുകയും നിങ്ങൾ ഞങ്ങൾക്ക് തിരികെ നൽകേണ്ടിവരും.

ഏതെങ്കിലും അക്കൗണ്ടോ വസ്തുവോ നിങ്ങളുടെ പേരിൽ ഉണ്ടോ എന്ന് നിങ്ങൾ ഞങ്ങളോട് പറയണം,
അത് നിങ്ങളുടെ കുടുംബം അല്ലെങ്കിൽ ബിസിനസ് പോലെ മറ്റാരുടെയെങ്കിലും ഉടമസ്ഥതയിലുള്ളതാണെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ പോലും. ഞങ്ങൾ അത് കണക്കിലെടുക്കേണ്ടതില്ല, പക്ഷേ നിങ്ങൾ അതിനെക്കുറിച്ച് ഞങ്ങളോട് പറയാതിരിക്കുകയും, ഞങ്ങൾ അത് പിന്നീട് കണ്ടെത്തുകയും ചെയ്താൽ പിന്നീട് നിങ്ങൾക്ക് നിങ്ങളുടെ നിയമസഹായം നഷ്ടപ്പെടാം, നിങ്ങളുടെ കേസിനായി പണം നൽകുകയും ക്രിമിനൽ നടപടികൾ നേരിടുകയും വേണം.

നിങ്ങൾ വിവാഹിതനാണെങ്കിൽ അല്ലെങ്കിൽ ഒരു പങ്കാളിക്കൊപ്പം ജീവിക്കുകയാണെങ്കിൽ, നിങ്ങളുടെ അഭിഭാഷകൻ അവരുടെ വരുമാനത്തെയും സമ്പാദ്യത്തെയും കുറിച്ചുള്ള അതേ വിവരങ്ങൾ അറിയേണ്ടതുണ്ട്, അല്ലാത്തപക്ഷം:

- നിങ്ങൾ വേർപിരിഞ്ഞിട്ടുണ്ടാവണം.
- നിങ്ങൾക്ക് നിയമപരമായ പ്രശ്നമുള്ള ഒരു വ്യക്തിയാണ് അവർ.
- അങ്ങനെ ചെയ്യുന്നത് നിതീയുക്തമല്ലാത്തതോ വളരെ ബുദ്ധിമുട്ടോ ആയിരിക്കും (സിവിൽ ഉപദേശത്തിനും സഹായത്തിനുമുള്ള അപേക്ഷകൾക്ക് മാത്രം ബാധകമാണ്)

.

## എനിക്ക് ഉപദേശവും സഹായവും നിഷേധിക്കപ്പെട്ടാൽ എന്ത് സംഭവിക്കും?

നിങ്ങൾ ഉപദേശത്തിനും സഹായത്തിനും യോഗ്യത നേടുന്നില്ലെങ്കിൽ, അപ്പോഴും നിയമസഹായത്തിന് യോഗ്യത നേടിയേക്കാം, അതേ പോലെ തിരിച്ചും സാധ്യമാണ്. കാരണം ഈ രണ്ട് കാര്യങ്ങൾക്ക് നിങ്ങൾക്ക് യോഗ്യത നൽകുന്ന കാര്യങ്ങൾ വ്യത്യസ്തമാണ്. ഇതിനെക്കുറിച്ച് നിങ്ങളുടെ അഭിഭാഷകനോട് ചോദിക്കുക.

# 4 സിവിൽ നിയമ സഹായം

## നിയമ സഹായത്തിൽ എന്താണ് ഉൾപ്പെടുന്നത്?

ഉപദേശവും സഹായവും നിങ്ങളുടെ പ്രശ്നം പരിഹരിക്കുന്നില്ലെങ്കിൽ, കൂടാതെ നിങ്ങളുടെ കേസ് കോടതിയിലേക്ക് കൊണ്ടുപോകേണ്ടതുണ്ടെങ്കിൽ, നിങ്ങൾ നിയമ സഹായത്തിനായി അപേക്ഷിക്കേണ്ടതുണ്ട്.

നിങ്ങളുടെ അഭിഭാഷകന് ഇനിപ്പറയുന്ന ചില തരത്തിലുള്ള കേസുകൾക്കായി നിയമസഹായത്തിന് കീഴിൽ കോടതിയിൽ നിങ്ങളെ പ്രതിനിധീകരിക്കാൻ കഴിയില്ല:

- £3,000-ൽ താഴെയുള്ള ചെറിയ ക്ലെയമുകൾ; ക്ലെയിമിൽ വ്യക്തിപരമായ പരിക്ക് ഉൾപ്പെടുന്നില്ലെങ്കിൽ.
- പാപ്പരത്തവുമായി ബന്ധപ്പെട്ട ചില നടപടികൾ.

എന്നിരുന്നാലും, ഉപദേശത്തിന്റെയും സഹായത്തിന്റെയും കീഴിൽ അവർക്ക് നിങ്ങളെ ഉപദേശിക്കാൻ കഴിയും.

## നിയമസഹായത്തിനായി ഞാൻ എങ്ങനെ

## യോഗ്യത നേടും?

നിങ്ങളും നിങ്ങളുടെ അഭിഭാഷകനും നിങ്ങളുടെ കേസ്, സാമ്പത്തിക സാഹചര്യം എന്നിവ സംബന്ധിച്ച അപേക്ഷാ ഫോമുകൾ പൂരിപ്പിക്കുകയും അവ ഞങ്ങൾക്ക് അയയ്ക്കുകയും ചെയ്യും. അതിനുശേഷം ഞങ്ങൾ നിങ്ങളുടെ അപേക്ഷ പരിശോധിക്കും. നിയമസഹായം നൽകാൻ, ഞങ്ങൾ ഇനിപ്പറയുന്നവ തീരുമാനിക്കണം:

- നിങ്ങൾക്ക് സാമ്പത്തികമായി യോഗ്യതയുണ്ട്.
- നിങ്ങളുടെ കേസിന് നിങ്ങൾക്ക് ഒരു നിയമപരമായ അടിസ്ഥാനമുണ്ട് ("സാധ്യതയുള്ള കാരണം"എന്ന് വിളിക്കുന്നു).
- നിങ്ങളുടെ കേസിനെ പിന്തുണയ്ക്കാൻ പൊതു ഫണ്ടുകൾ ഉപയോഗിക്കുന്നത് ന്യായമാണ്-ഉദാഹരണത്തിന്, നിങ്ങൾ പരാതി നൽകാൻ ശ്രമിക്കുന്ന വ്യക്തിക്ക് പണം ഇല്ലെങ്കിൽ, നിങ്ങളുടെ കേസിന് അതിന്റെ മൂല്യത്തേക്കാൾ കൂടുതൽ ചെലവാകും, നിങ്ങൾ വിജയിക്കുമെന്ന് തോന്നുന്നില്ല, നിങ്ങൾ തെറ്റായ കോടതിയെ ഉപയോഗിക്കുന്നു, അല്ലെങ്കിൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങൾ നിങ്ങൾ പൂർണ്ണമായി പരിഗണിച്ചിട്ടില്ലെങ്കിൽ, കോടതി നടപടിയെടുക്കുന്നതിന് മുമ്പ്.
- ഒരു ട്രേഡ് യൂണിയൻ, ഇൻഷുറൻസ് കമ്പനി (ചില തരത്തിലുള്ള കേസ്, നിങ്ങളുടെ കുടുംബം അല്ലെങ്കിൽ കാർ ഇൻഷുറൻസ് പോളിസി) അല്ലെങ്കിൽ പ്രൊഫഷണൽ ബോഡി പോലുള്ള മറ്റൊരാളിൽ നിന്ന് സഹായം നിങ്ങൾക്ക് ലഭ്യമല്ല.

നിങ്ങൾ വിവാഹിതനാണെങ്കിൽ അല്ലെങ്കിൽ ഒരു പങ്കാളിക്കൊപ്പം ജീവിക്കുകയാണെങ്കിൽ, നിങ്ങളുടെ അഭിഭാഷകൻ അവരുടെ വരുമാനത്തെയും സമ്പാദ്യത്തെയും കുറിച്ചുള്ള അതേ വിവരങ്ങൾ അറിയേണ്ടതുണ്ട്, അല്ലാത്തപക്ഷം:

- നിങ്ങൾ വേർപിരിഞ്ഞിട്ടുണ്ടാവണം.
- നിങ്ങൾക്ക് നിയമപരമായ പ്രശ്നമുള്ള ഒരു വ്യക്തിയാണ് അവർ.

ചില ആളുകൾ നിയമസഹായത്തിനായി ഒരു തുകയും നൽകുന്നില്ല, മറ്റുള്ളവർ അതിനായി എന്തെങ്കിലും നൽകേണ്ടിവരും, ചിലർക്ക് സാമ്പത്തികമായി യോഗ്യതയില്ലായിരിക്കാം.

ഇത് നിങ്ങളുടെയും നിങ്ങളുടെ പങ്കാളിയുടെയും വാർഷിക ചെലവഴിക്കൽ വരുമാനത്തെയും നിങ്ങളുടെ കേസിൽ നിങ്ങൾക്കുള്ള ചെലവഴിക്കൽ മൂലധനത്തെയും (സമ്പാദ്യവും നിങ്ങൾക്ക് സ്വന്തമായുള്ള മൂലധന ഇനങ്ങളും) ആശ്രയിച്ചിരിക്കുന്നു. ഈ പരിധികൾ ഓരോ വർഷവും മാറുന്നതാണ്. ഏറ്റവും പുതിയ കണക്കുകൾക്കും ഫിനാൻഷ്യൽ കാൽക്കുലേറ്ററിനും www.slab.org.uk പരിശോധിക്കുക.

## സാമ്പത്തിക യോഗ്യത സംബന്ധിച്ച് ഞാൻ എന്തൊക്കെ ഫോമുകൾ പൂരിപ്പിക്കണം?

നിങ്ങളുടെ അഭിഭാഷകൻ നിങ്ങൾക്ക് (നിങ്ങളുടെ പങ്കാളിക്ക് ബാധകമാണെങ്കിൽ) ലഭിക്കുന്ന വരുമാനത്തിന്റെ തരം (ശമ്പളവും ആനുകൂല്യങ്ങളും പോലുള്ളവ) പൂരിപ്പിക്കാനായി ഒരു ഫോം നൽകും.

ഇത് പൂർത്തിയാക്കാൻ നിങ്ങളെ സഹായിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഫോമിൽ അടങ്ങിയിരിക്കുന്നു. മാർഗ്ഗനിർദ്ദേശം ശ്രദ്ധാപൂർവ്വം വായിക്കുകയും

പാലിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്. നിങ്ങൾ അങ്ങനെ ചെയ്യില്ലെങ്കിൽ, അത് നിയമസഹായം ലഭിക്കുന്നത് വൈകിപ്പിക്കുയോ അല്ലെങ്കിൽ നിങ്ങളുടെ അപേക്ഷ ഞങ്ങൾ നിരസിക്കുകയോ ചെയ്തേക്കാം.

## എനിക്ക് ജോലി അടിയന്തിരമായി ചെയ്യേണ്ടി വന്നാൽ എന്തുചെയ്യും?

നിങ്ങൾക്ക് നിയമ സഹായം നൽകാൻ കഴിയുമോ എന്ന് ഞങ്ങൾ തീരുമാനിക്കുന്നതിന് മുമ്പ്, നിങ്ങളുടെ അഭിഭാഷകന് കോടതിയിൽ നിങ്ങളുടെ പേരിൽ അടിയന്തിരമായി പ്രവർത്തിക്കാൻ കഴിഞ്ഞേക്കും- ഉദാഹരണത്തിന്, ആരെങ്കിലും നിങ്ങളെ ആക്രമിക്കുന്നത് തടയുന്നതിനുള്ള ഉത്തരവിനായി അപേക്ഷിക്കുക. എന്നിരുന്നാലും, ഈ ജോലിക്ക് നിങ്ങൾ അപ്പോഴും പണം നൽകേണ്ടിവരും.

## എന്റെ കേസിലെ എതിരാളിക്ക് ഞാൻ നിയമസഹായത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയാമോ?

നിങ്ങളുടെ അപേക്ഷ ഞങ്ങൾ സ്വീകരിക്കുമ്പോൾ, നിങ്ങൾ നിയമസഹായത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് നിങ്ങളുടെ എതിരാളിയോട് പറയണമെന്ന് നിയമം ഞങ്ങളോട് ആവശ്യപ്പെടുന്നു, ഇങ്ങനെ അല്ലാത്തപക്ഷം:

- അങ്ങനെ ചെയ്യരുതെന്ന് നിങ്ങളുടെ അഭിഭാഷകൻ ഞങ്ങളോട് ആവശ്യപ്പെടുന്നു, കൂടാതെ ഇത് ഉചിതമാണെന്ന് ഞങ്ങൾ സമ്മതിക്കുന്നു (ഉദാഹരണത്തിന്, നിങ്ങൾ ഗാർഹിക പീഡനത്തിന് ഇരയാണെങ്കിൽ അല്ലെങ്കിൽ നിങ്ങളുടെ എതിരാളിക്ക് നിങ്ങൾ നിയമസഹായത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയാമെങ്കിൽ അവരുടെ ആസ്തികൾ ഒഴിവാക്കാനുള്ള സാധ്യതയുണ്ട്), അല്ലെങ്കിൽ
- എതിരാളിയെപ്പറ്റിയുള്ള വിവരങ്ങൾ അജ്ഞാതമാണ്.

നിങ്ങളുടെ അഭിഭാഷകൻ ഒരു "നിയമപരമായ പ്രസ്താവന"പൂരിപ്പിക്കും. നിങ്ങളുടെ നിയമസഹായ അപേക്ഷ എന്താണെന്ന് ഇത് വിശദീകരിക്കുന്നു. ഈ പ്രസ്താവനയുടെ ഒരു പകർപ്പ് നിങ്ങളുടെ എതിരാളിക്ക് ഞങ്ങൾ അയയ്ക്കും, ഇത് അനുയോജ്യമല്ലെങ്കിൽ, പക്ഷേ നിങ്ങളെക്കുറിച്ചുള്ള മറ്റ് വിശദാംശങ്ങൾ ഞങ്ങൾ നൽകില്ല.

കേസിനെ കുറിച്ചോ അല്ലെങ്കിൽ നിങ്ങൾക്ക് നിയമ സഹായം ലഭിക്കാത്തതിന്റെ മറ്റ് കാരണങ്ങളെക്കുറിച്ചോ ഞങ്ങൾക്ക് വിവരങ്ങൾ നൽകാൻ എതിരാളിക്ക് അവകാശമുണ്ട്. ഇതിനെയാണ് പ്രാതിനിധ്യം നടത്തുക എന്ന് വിളിക്കുന്നത്. നിങ്ങളുടെ എതിരാളിയുടെ പ്രാതിനിധ്യം ഞങ്ങൾ പരിഗണിക്കും, കൂടാതെ ആവശ്യമെങ്കിൽ കൂടുതൽ അന്വേഷണം നടത്തും. നിങ്ങളുടെ അപേക്ഷയെക്കുറിച്ച് തീരുമാനിക്കാൻ ഞങ്ങൾ കൂടുതൽ സമയമെടുക്കുമെന്ന് ഇത് അർത്ഥമാക്കിയേക്കാം.

സാധാരണയായി നിയമ സഹായം നൽകിയോ നിരസിച്ചോ എന്ന് നിങ്ങളുടെ എതിരാളിയോട് ഞങ്ങൾ പറയും.

നിയമസഹായം നൽകുന്നതിനെ ബാധിച്ചേക്കാവുന്ന എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ നിങ്ങളുടെ എതിരാളിക്ക് നിങ്ങളുടെ കേസിൽ എപ്പോൾ വേണമെങ്കിലും ഞങ്ങളോട് പറയാൻ കഴിയും. എന്നാൽ നിങ്ങളുടെ നിയമസഹായം പിൻവലിക്കാൻ ഞങ്ങൾ ആലോചിക്കുകയാണെങ്കിൽ നിങ്ങളുടെ എതിരാളി ഞങ്ങളോട് എന്താണ് പറഞ്ഞതെന്ന് പറയാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

## എനിക്ക് നിയമസഹായം നിഷേധിക്കപ്പെട്ടാൽ എന്ത് സംഭവിക്കും?

എന്തുകൊണ്ടാണെന്ന് ഞങ്ങൾ നിങ്ങളോടും നിങ്ങളുടെ അഭിഭാഷകനോടും പറയും. നിങ്ങളുടെ അഭിഭാഷകൻ മുഖേന, ഞങ്ങളുടെ തീരുമാനം പുനഃപരിശോധിക്കാൻ നിങ്ങൾക്ക് ഞങ്ങളോട് ആവശ്യപ്പെടാം. ഏതൊക്കെ

മാർഗ്ഗങ്ങൾ നിങ്ങൾക്കായുണ്ടെന്ന് നിങ്ങളുടെ അഭിഭാഷകൻ നിങ്ങളോട് പറയും. അവരുടെ സ്വകാര്യ നിരക്ക് ഈടാക്കുന്നതിലൂടെ നിങ്ങളുടെ കേസ് എടുക്കാൻ നിങ്ങളുടെ അഭിഭാഷകൻ തയ്യാറായേക്കാം (വിഭാഗം *10* കാണുക).

## നിയമസഹായം നിഷേധിക്കപ്പെട്ടാൽ, എനിക്ക് വീണ്ടും അപേക്ഷിക്കാൻ കഴിയുമോ?

അതെ. നിങ്ങളുടെ സാഹചര്യങ്ങൾ മാറിയിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ നിങ്ങളുടെ കേസിനെക്കുറിച്ച് നിങ്ങൾക്ക് പുതിയ വിവരങ്ങൾ നൽകാൻ കഴിയുമെങ്കിലോ, ഞങ്ങൾ മറ്റൊരു തീരുമാനമെടുത്തേക്കാം.

## *5* എനിക്ക് ഉപദേശത്തിനും സഹായത്തിനും, അല്ലെങ്കിൽ സിവിൽ നിയമ സഹായത്തിന് യോഗ്യതയില്ലെങ്കിൽ, എനിക്ക് എങ്ങനെ സൗജന്യ ഉപദേശം ലഭിക്കും?

അതായത് സിറ്റിസൺസ് അഡൈ്വസ് സ്കോട്ട്ലൻഡ്, മണി അഡൈ്വസ് സെന്റേഴ്സ്, ഷെൽട്ടർ (ഇത് താമസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു) പോലുള്ള സംഘടനകളിൽ നിന്ന് സൗജന്യ ഉപദേശം ലഭ്യമാണ്. ബന്ധപ്പെടാനുള്ള വിശദാംശങ്ങൾക്കായി ഈ ലഘുലേഖയുടെ മുൻ കവറിന്റെ ഉൾഭാഗം കാണുക. നിങ്ങളുടെ യൂണിയനിലൂടെയോ ഇൻഷുറൻസ് കമ്പനികളിലൂടെയോ നിങ്ങൾക്ക് സഹായം ലഭിക്കുമോയെന്നും നിങ്ങൾക്ക് കണ്ടെത്താം.

## 6 ഞാൻ എത്ര തുക നൽകേണ്ടി വരും?

## സിവിൽ നിയമസഹായം സൗജന്യമാണോ?

നിയമസഹായം എല്ലായ്പ്പോഴും സൗജന്യമല്ല. ഇത് സൗജന്യമായിരിക്കാം അല്ലെങ്കിൽ ഇനിപ്പറയുന്നത് പോലെ നിങ്ങൾക്ക് അതിന് പ്രതിഫലം നൽകേണ്ടി വന്നേക്കാം.

- നിങ്ങളുടെ വരുമാനം, സമ്പാദ്യം, മറ്റ് മൂലധനം (നിങ്ങൾക്ക് സ്വന്തമായുള്ള മൂല്യത്തിന്റെ ഇനങ്ങൾ) ഒരു നിശ്ചിത പരിധിയിൽ കൂടുതലാണ്. ഞങ്ങൾ ഇതിനെ സംഭാവന എന്നാണ് വിളിക്കുന്നത്. കേസിന്റെ ചെലവ് വഹിക്കാൻ ഞങ്ങൾക്ക് അത് മുഴുവനും ആവശ്യമില്ലെങ്കിൽ, കേസിന്റെ അവസാനത്തിൽ നിങ്ങൾക്ക് കുറച്ച് അല്ലെങ്കിൽ മുഴുവനും തിരികെ ലഭിച്ചേക്കാം.
- നിങ്ങളുടെ നിയമസഹായം അല്ലെങ്കിൽ ഉപദേശത്തിന്റെയും സഹായത്തിന്റെയും ഫലമായി നിങ്ങൾ എന്തെങ്കിലും (പണം അല്ലെങ്കിൽ സ്വത്ത്) കൈവശം വെയ്ക്കുകയോ നേടുകയോ ചെയ്യുന്നു.
- നിങ്ങൾ കേസ് തോറ്റു - നിങ്ങളുടെ എതിരാളിയുടെ ചെലവ് നിങ്ങൾ വഹിക്കേണ്ടിവരും.

നിങ്ങളുടെ അഭിഭാഷകന്റെ ബിൽ ഞങ്ങൾ നൽകും. എന്നിരുന്നാലും, ഞങ്ങൾ നൽകിയ പണം തിരികെ ലഭിക്കാൻ ശ്രമിക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്.

ഉപദേശവും സഹായത്തിനും ചെലവുകൾ വഹിക്കുന്നതിന് ഞങ്ങൾ ഇനിപ്പറയുന്നവ ഉപയോഗിക്കും:

- ആദ്യം, നിങ്ങൾ നൽകുന്ന ഏതെങ്കിലും സംഭാവനകൾ ( സംഭാവനകൾ വിഭാഗം താഴെ കാണുക) - അത് നിങ്ങളുടെ വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു.
- രണ്ടാമതായി, നിങ്ങളുടെ എതിരാളി നൽകുന്ന ഏത് ചെലവുകളും.
- മൂന്നാമതായി, ആദ്യത്തെ രണ്ടെണ്ണം മതിയായതല്ലെങ്കിൽ, നിങ്ങൾ നേടുകയോ കൈവശംവയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും

പണത്തിന്റെയോ സ്വത്തിന്റെയോ ഭാഗം അല്ലെങ്കിൽ മുഴുവൻ (ഇത് തിരിച്ചുപിടിക്കൽ അഥവാ ക്ലോബാക്ക് എന്നറിയപ്പെടുന്നു *നേടിയത് അല്ലെങ്കിൽ കൈവശം വെയ്ക്കുന്ന പ്രോപ്പർട്ടിയും " തിരിച്ചുപിടിക്കലും"* വിഭാഗം കാണുക), അങ്ങനെ ചെയ്യുന്നത് നിങ്ങൾക്ക് ഗുരുതരമായ ബുദ്ധിമുട്ടുകളോ ദുരിതമോ ഉണ്ടാക്കുമെന്ന് കാണിക്കാൻ കഴിയുന്നില്ലെങ്കിൽ.

- നാലാമതായി, ആദ്യത്തെ മൂന്നെണ്ണം ആവശ്യത്തിന് തികയില്ലെങ്കിൽ, ഞങ്ങൾ പൊതു ഫണ്ടുകൾ ഉപയോഗിക്കും.

നിങ്ങൾക്ക് എന്തെങ്കിലും തുക നൽകേണ്ടിവന്നാൽ, ഉപദേശത്തിനും സഹായത്തിനും വേണ്ടി നിങ്ങളുടെ അഭിഭാഷകന് നേരിട്ട് നൽകുക. ഉപദേശത്തിനും സഹായത്തിനും കീഴിൽ ഒരു നിശ്ചിത സാമ്പത്തിക പരിധി വരെ

മാത്രമേ അവർക്ക് ജോലി ചെയ്യാൻ കഴിയൂ, അല്ലെങ്കിൽ ഈ പരിധിക്ക് മുകളിൽ പോകാൻ ഞങ്ങളുടെ അനുമതി ആവശ്യപ്പെടാം.

നിയമസഹായത്തിനുള്ള ചെലവുകൾ വഹിക്കാൻ, ഞങ്ങൾ ഇനിപ്പറയുന്നവ ഉപയോഗിക്കും:

- ആദ്യമായി, നിങ്ങളുടെ എതിരാളി നൽകുന്ന ഏത് ചെലവുകളും.
- രണ്ടാമതായി, നിങ്ങൾ ഞങ്ങൾക്ക് നൽകേണ്ട ഏത് സംഭാവനയും.
- മൂന്നാമതായി, ഈ ആദ്യ രണ്ടെണ്ണം മതിയായതല്ലെങ്കിൽ, നിങ്ങൾ നേടുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും പണത്തിന്റെയോ സ്വത്തിന്റെയോ ഭാഗം അല്ലെങ്കിൽ മുഴുവൻ (*നേടിയത് അല്ലെങ്കിൽ കൈവശം വെയ്ക്കുന്ന പ്രോപ്പർട്ടിയും " തിരിച്ചുപിടിക്കലും"* വിഭാഗം കാണുക).
- നാലാമതായി, ഇവയൊന്നും തികയില്ലെങ്കിൽ, ഞങ്ങൾ പൊതു ഫണ്ടുകൾ ഉപയോഗിക്കും.

ചില സമയങ്ങളിൽ, നിങ്ങളുടെ എതിരാളി പണം

നൽകാനോ അല്ലെങ്കിൽ ചെലവുകൾക്ക് പണം നൽകാനോ ഏറെ സമയമെടുക്കും. നിങ്ങളുടെ എതിരാളിക്ക് നിയമ സഹായം ലഭിക്കുകയാണെങ്കിൽ, കോടതി അവർക്ക് നൽകേണ്ടിവരുന്ന പണം കുറവ് ചെയ്തേക്കാം. എതിരാളി പണം നൽകുന്നില്ലെങ്കിലോ, അല്ലെങ്കിൽ അവർ നൽകുന്നത് ഞങ്ങൾ നിങ്ങൾക്ക് നൽകുന്ന നിയമസഹായത്തിന്റെ ചെലവിന് തികയുന്നില്ലെങ്കിലോ, നിങ്ങൾ നേടുകയോ കൈവശം സൂക്ഷിക്കുകയോ ചെയ്യുന്ന സംഭാവനകളും സ്വത്തുക്കളും ഞങ്ങൾ ഉപയോഗിക്കേണ്ടതുണ്ട്.

## നിങ്ങൾ കേസ് തോൽക്കുന്നുവെങ്കിൽ

ലീഗൽ എയ്ഡ് നിങ്ങളുടെ എതിരാളിയുടെ ചെലവുകൾ വഹിക്കില്ല. അതുകൊണ്ട്, നിങ്ങൾ കേസ് തോൽക്കുകയാണെങ്കിൽ, നിങ്ങളുടെ എതിരാളിയുടെ ചിലത് അല്ലെങ്കിൽ മുഴുവൻ ചെലവുകളും നൽകാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം. അത്തരം ചെലവുകൾ നിങ്ങൾ സ്വയം വഹിക്കണം - ഞങ്ങൾക്ക് അവ നൽകാൻ കഴിയില്ല. നിങ്ങൾക്ക് നിയമ സഹായം ലഭിക്കുമ്പോൾ, നിങ്ങൾ അടയ്ക്കേണ്ട തുക കുറയ്ക്കാൻ കോടതിയോട് ആവശ്യപ്പെടാം.

## സംഭാവനകൾ

നിങ്ങൾ ഒരു സംഭാവന നൽകേണ്ടതുണ്ടെങ്കിൽ, ആ തുക നിങ്ങളുടെ ചെലവഴിക്കൽ വരുമാനം, സമ്പാദ്യം, സ്വത്ത് എന്നിവയെ ആശ്രയിച്ചിരിക്കും. നിങ്ങളുടെ കേസ് നീണ്ടുനിൽക്കുന്നിടത്തോളം, അപേക്ഷിച്ച തീയതി മുതലുള്ള വരുമാനവും മൂലധനവും (സമ്പാദ്യവും നിങ്ങളുടെ സ്വന്തമായുള്ള മൂലധനവും) ഞങ്ങൾ തിട്ടപ്പെടുത്തുന്നു.

നിങ്ങൾ എത്ര തവണ പണമടയ്ക്കണം, ഗഡുക്കളുടെ വലുപ്പം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് www.slab.org.uk കാണുക, അല്ലെങ്കിൽ ഞങ്ങളുടെ സാമ്പത്തിക വിലയിരുത്തൽ യൂണിറ്റുമായി ബന്ധപ്പെടുക.

ഉപദേശത്തിനും സഹായത്തിനും, നിങ്ങളുടെ കേസിന്റെ തുടക്കത്തിൽ നിങ്ങളുടെ അഭിഭാഷകൻ നിങ്ങളോട് ഇനിപ്പറയുന്ന കാര്യങ്ങൾ പറയും:

- നിങ്ങൾ കൈവശം സൂക്ഷിക്കുന്നതോ നേടുന്നതോ ആയ പണത്തിൽ നിന്ന് നിങ്ങൾ പണം നൽകേണ്ടിവരുമോ എന്ന്.
- എന്തെങ്കിലും ഉണ്ടെങ്കിൽ, നിങ്ങൾ എത്ര പണമാണ് നൽകേണ്ടത് (നിങ്ങളുടെ അഭിഭാഷകന് ഏത് ഉപദേശത്തിനും സഹായത്തിനും പണം നൽകും).

നിയമസഹായത്തിന്, നിങ്ങളുടെ അഭിഭാഷകന് നിങ്ങൾക്ക് എന്തെങ്കിലും തുക നൽകേണ്ടിവരുമോ എന്ന് അദ്ദേഹത്തിന് പറയാൻ കഴിയും, പക്ഷേ നിയമ സഹായം നൽകണോ എന്ന് ഞങ്ങളാണ് തീരുമാനിക്കുന്നത്. ഞങ്ങൾ ഇനിപ്പറയുന്ന കാര്യങ്ങൾ നിങ്ങളോട് പറയും:

- നിങ്ങളുടെ എന്തെങ്കിലും സംഭാവന ഉണ്ടെങ്കിൽ, അത് എത്രയാണ് (നിങ്ങൾ ഇത് ഞങ്ങൾക്ക് നൽകുന്നു).
- പണം നൽകാൻ നിങ്ങൾക്ക് എത്ര കാലമെടുക്കാനാവും?

സാധാരണയായി നിങ്ങൾക്ക് നിങ്ങളുടെ സംഭാവന പതിവായുള്ള ഗഡുക്കളായി അടയ്ക്കാൻ കഴിയും, കൂടാതെ സ്റ്റാൻഡിംഗ് ഓർഡർ ആയി നിങ്ങൾ ഇത് അടയ്ക്കേണ്ടിവരും. ഞങ്ങളുടെ SLABPAY സേവനം ഉപയോഗിച്ച് നിങ്ങൾക്ക് ഫോണിലൂടെയോ ഓൺലൈനിലൂടെയോ പേയ്മെന്റുകൾ നടത്താം. സാധാരണയായി, നിങ്ങൾ കൂടുതൽ പണം നൽകാൻ ഉണ്ടെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് കൂടുതൽ സമയം നൽകും.

നിങ്ങളുടെ സംഭാവന നിങ്ങളുടെ മൂലധനത്തെ അടിസ്ഥാനമാക്കിയുള്ളതാണെങ്കിൽ (നിങ്ങളുടെ ഉടമസ്ഥതയിലുള്ള സമ്പാദ്യം, വിലപിടിപ്പുള്ള ഇനങ്ങൾ), ഇത് ഒരു ഒറ്റ തുകയായി അടയ്ക്കാൻ ഞങ്ങൾ സാധാരണയായി നിങ്ങളോട് ആവശ്യപ്പെടും.

നിങ്ങൾ അപേക്ഷിക്കുമ്പോൾ, നിങ്ങളുടെ കേസിന്റെ ഏകദേശ ചെലവ് കണക്കുകൂട്ടാനും ഞങ്ങളോട് പറയാനും നിങ്ങളുടെ അഭിഭാഷകനോട് ആവശ്യപ്പെടേണ്ടത്

പ്രധാനമാണ്. ഇത് നിങ്ങളുടെ പണം ലാഭിക്കും, കാരണം നിങ്ങളുടെ അഭിഭാഷകൻ കണക്കാക്കുന്ന തുകയ്ക്ക് നിങ്ങൾ അടയ്ക്കേണ്ട ഏത് സംഭാവനയും ഞങ്ങൾക്ക് തുടക്കത്തിൽ പരിമിതപ്പെടുത്താനാവും. കേസ് പുരോഗമിക്കുമ്പോൾ കേസിന്റെ ചെലവിൽ എന്തെങ്കിലും മാറ്റങ്ങളുള്ളതിനെക്കുറിച്ച് നിങ്ങളുടെ അഭിഭാഷകൻ നിങ്ങളെയും ഞങ്ങളെയും അറിയിക്കണം.

നിങ്ങളുടെ സംഭാവന ഞങ്ങൾ തെറ്റായി കണക്കാക്കിയെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അത് വീണ്ടും പരിഗണിക്കാൻ നിങ്ങളോട് ആവശ്യപ്പെടാം.

എന്നാൽ കേസ് കണക്കാക്കിയതിനേക്കാൾ കൂടുതൽ ചെലവേറിയതാണെങ്കിൽ, നിങ്ങൾ നൽകേണ്ട തുകയിലെ വ്യത്യാസം ഞങ്ങൾ കൈകാര്യം ചെയ്യും. നിങ്ങൾ ഞങ്ങൾക്ക് നൽകിയതിനേക്കാൾ കുറവാണ് കേസിന് ചെലവാകുന്നതെങ്കിൽ അല്ലെങ്കിൽ നിങ്ങളുടെ എതിരാളിയിൽ നിന്ന് ചില ചെലവുകൾ ഞങ്ങൾക്ക് തിരികെ ലഭിക്കുകയാണെങ്കിൽ നിങ്ങളുടെ സംഭാവനയിൽ കുറച്ച് നിങ്ങൾക്ക് തിരികെ ലഭിച്ചേക്കാം.

നിങ്ങളുടെ കേസ് പൂർത്തിയാകുമ്പോൾ പോലും കുടിശ്ശികയുള്ള ഏതെങ്കിലും തവണകൾ അടയ്ക്കുന്നത് തുടരണം.

## എനിക്ക് പണം നൽകാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ എന്ത് ചെയ്യും?

നിങ്ങൾക്ക് പണം നൽകാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഉടൻ ഞങ്ങളോട് പറയുക, ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിയും. നിങ്ങളുടെ സാമ്പത്തിക സ്ഥിതി മോശമായി മാറിയിട്ടുണ്ടെന്ന് കാണിക്കാൻ കഴിയുമെങ്കിൽ, ഞങ്ങൾ നൽകാൻ ആവശ്യപ്പെടുന്ന തുകയിൽ കുറവ് വരുത്താൻ ഞങ്ങൾക്ക് കഴിയും.

## ഞാൻ എന്റെ സംഭാവന നൽകാതിരിക്കുകയും, പണമടയ്ക്കാതിരിക്കുകയും, തീരുമാനം മാറ്റുകയും ചെയ്താൽ എന്ത് സംഭവിക്കും?

നിങ്ങളുടെ നിയമസഹായം നിർത്തലാക്കും. നിങ്ങളുടെ അഭിഭാഷകൻ നിയമസഹായത്തിന് കീഴിൽ നിങ്ങൾക്കായി പ്രവർത്തിക്കുന്നത് നിർത്തണം എന്നാണ് ഇതിനർത്ഥം. നിങ്ങളുടെ കേസിന്റെ ചെലവ് വഹിക്കുന്നതിന്, നിങ്ങളുടെ സംഭാവനയുടെ ബാക്കി, അല്ലെങ്കിൽ നിങ്ങളുടെ അഭിഭാഷകന് ഞങ്ങൾ നൽകിയ തുക, ഏതാണോ കുറവ് അത് നൽകണം.

## നേടിയ അല്ലെങ്കിൽ കൈവശം സൂക്ഷിച്ചതും "തിരിച്ച് പിടിക്കലും"

"സ്വത്ത്" എന്നാൽ ഒരു വീട്, മൂല്യമുള്ള എന്തെങ്കിലും, അല്ലെങ്കിൽ പണം എന്നിവ പോലെ ഉടമസ്ഥത നേടാനാവുന്ന എന്തും എന്നാണ് അർത്ഥമാക്കുന്നത്.

ഉപദേശവും സഹായവും അല്ലെങ്കിൽ നിയമസഹായം ലഭിച്ചതിന്റെ ഫലമായി, നിങ്ങൾക്ക് മുമ്പ് സ്വന്തമല്ലാതിരുന്ന ചില വസ്തുക്കൾ ലഭിക്കുകയാണെങ്കിൽ, നിങ്ങൾ അത് "നേടി" അല്ലെങ്കിൽ "വീണ്ടെടുത്തു".

ആരെങ്കിലും നിങ്ങളിൽ നിന്ന് എടുക്കാൻ ശ്രമിച്ച ചില വസ്തുക്കൾ നിങ്ങൾ കൈവശം സൂക്ഷിക്കുകയാണെങ്കിൽ, നിങ്ങൾ അത് "സൂക്ഷിച്ചു" അല്ലെങ്കിൽ "സംരക്ഷിച്ചു" ആയിരിക്കും.

ചില ഉദാഹരണങ്ങൾ:

- ഒരു വീട്.
- ഓഹരികൾ.
- ലൈഫ് പോളിസികൾ.
- നിങ്ങൾ വിവാഹമോചനം നേടുമ്പോൾ അല്ലെങ്കിൽ ഒരു സിവിൽ പങ്കാളിത്തം പിരിച്ചുവിടുമ്പോൾ നിങ്ങളുടെ ജീവിത പങ്കാളി അല്ലെങ്കിൽ പാർട്ണർ നൽകുന്ന പണം.
- ക്രിമിനൽ ഇഞ്ചുറീസ് കോംപെൻസേഷൻ അതോറിറ്റി നൽകിയ പണം.
- മറ്റേതെങ്കിലും ഉറവിടത്തിൽ നിന്നുള്ള നഷ്ടപരിഹാരം.

നിങ്ങളുടെ അഭിഭാഷകന് ഞങ്ങൾ നൽകിയ പണം വീണ്ടെടുക്കുന്നതിന് നിങ്ങൾക്ക് കുറച്ച് അല്ലെങ്കിൽ മുഴുവൻ

നൽകേണ്ടി വന്നേക്കാം. ഇതിനെ ചില സമയങ്ങളിൽ തിരിച്ചുപിടിക്കൽ അഥവാ "ക്ലോബാക്ക്" എന്ന് വിളിക്കുന്നു.

നിങ്ങളുടെ അഭിഭാഷകനോട് ഇനിപ്പറയുന്നവ ആവശ്യപ്പെടണം:

- നിങ്ങളുടെ കേസിന്റെ തുടക്കത്തിൽ തന്നെ തിരിച്ച് പിടിക്കൽ ബാധകമാകുമോ എന്ന് നിങ്ങളോട് പറയുക.
- ഇത് ബാധിച്ചേക്കാവുന്ന നിങ്ങളുടെ കേസിലെ ഏതെങ്കിലും മാറ്റങ്ങളെക്കുറിച്ച് നിങ്ങളെ അറിയിച്ചുകൊണ്ടിരിക്കുക.
- നിങ്ങൾ എത്ര പണം നൽകേണ്ടിവരുമെന്ന് നിങ്ങളോട് പറയുക, കേസ് പുരോഗമിക്കുമ്പോൾ അതിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടെങ്കിൽ അത് നിങ്ങളെ അറിയിക്കുക.

ഉപദേശത്തിനും സഹായത്തിനും, നേടിയ സ്വത്തിൽ നിന്നോ കൈവശം സൂക്ഷിച്ചതിൽ നിന്നോ പണം നൽകുന്നത് നിങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകളോ കഷ്ടപ്പാടുകളോ ഉണ്ടാക്കുമോ എന്നത് ഞങ്ങൾക്ക് കണക്കിലെടുക്കാനാവും.

ഉപദേശത്തിന്റെയും സഹായത്തിന്റെയും ഫലമായി നിങ്ങൾ കൈവശം സൂക്ഷിച്ച അല്ലെങ്കിൽ നേടിയ സ്വത്തിൽ നിന്ന് നിങ്ങൾ പണം നൽകാത്തതിനാൽ നിങ്ങളുടെ അഭിഭാഷകന് ഞങ്ങൾ പണം നൽകേണ്ടിവന്നാൽ, നിങ്ങളിൽ നിന്ന് പണം തിരികെ ലഭിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട്.

നിയമസഹായത്തിനായി, ഗുരുതരമായ കഷ്ടപ്പാടുകളോ ദുരിതമോ കണക്കിലെടുക്കാൻ ഞങ്ങൾക്ക് കഴിയില്ല.

## ഞാൻ നേടിയ മുഴുവൻ പണമോ സ്വത്തോ നിങ്ങൾ എടുക്കുമോ അതോ കൈവശം സൂക്ഷിക്കുമോ?

നിങ്ങളുടെ കേസിൽ ഞങ്ങൾ നൽകിയതും എതിരാളി നൽകിയ ഏതെങ്കിലും

തുകയും തമ്മിലുള്ള വ്യത്യാസം നികത്താനുള്ള തുക മാത്രമേ

- ഞങ്ങൾ എടുക്കുകയുള്ളൂ.
- നിങ്ങൾ നൽകിയ ഏതെങ്കിലും സംഭാവന.

നിങ്ങളുടെ എതിരാളി ചെലവുകൾ അടയ്ക്കുന്നതിൽ കാലതാമസം വരുത്തിയാൽ, ഞങ്ങൾ
ആ തുക വീണ്ടെടുക്കുന്നത് വരെ ഞങ്ങൾ പിടിച്ച് വയ്ക്കും. ഞങ്ങൾ അത് ഒരു പലിശ ലഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും നിങ്ങൾക്ക് പലിശ നൽകുകയും ചെയ്യും.

*ആരെങ്കിലും അവരുടെ കേസിന്റെ ഭാഗമായി അവരുടെ വീട് കൈവശപ്പെടുത്തുകയോ നേടുകയോ ചെയ്താൽ, കുടിശ്ശികയുള്ള തുക നൽകുന്നതിന് അവർ അത് വിൽക്കേണ്ടി വരുമോ?*

ഇല്ല. തവണകളായി ഞങ്ങൾക്ക് പണം നൽകാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടും.

അല്ലെങ്കിൽ, നിങ്ങൾ വീട് വിൽക്കുന്നതുവരെ പണം അടയ്ക്കുന്നത് കാലതാമസം വരുത്തിയേക്കാം - അത് വർഷങ്ങൾക്ക് ശേഷം ആകാം. നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ, നിങ്ങൾ വിൽക്കുന്ന സമയത്ത് നിങ്ങൾ നൽകേണ്ട തുകയുടെ പലിശയും നൽകേണ്ടിവരും. ഞങ്ങൾക്ക് ഒടുവിൽ പണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ
ഞങ്ങൾ നിങ്ങളുടെ വീടിന് ഒരു മാനദണ്ഡപ്രകാരമുള്ള സെക്യൂരിറ്റി എടുക്കും. നിങ്ങളുടെ അഭിഭാഷകന് ഇതിൽ എന്താണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് നിങ്ങളോട് പറയാൻ കഴിയും.

# 7 എന്റെ ഉത്തരവാദിത്തങ്ങൾ

നിയമസഹായം പൊതു ഫണ്ടിൽ നിന്നുള്ളതാണ്, അതിനാൽ നിങ്ങൾ അപേക്ഷിക്കുകയോ അനുവദിക്കുകയോ ചെയ്താൽ, നിങ്ങൾ ഇനിപ്പറയുന്നവ ചെയ്യണം:

- കൃത്യമായ വിവരങ്ങൾ നൽകുക.
- നിങ്ങളുടെ സാഹചര്യങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളെക്കുറിച്ച് ഞങ്ങളോട് പറയുക.

- പണം പാഴാക്കാത്ത രീതിയിൽ പ്രവർത്തിക്കുക.

## എന്റെ സിവിൽ ലീഗൽ എയ്ഡ് കേസ് ഞാൻ എങ്ങനെ നടത്തണം?

കേസ് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നിങ്ങൾക്കും നിങ്ങളുടെ അഭിഭാഷകനും തീരുമാനിക്കാം. ഓരോ തവണയും നിങ്ങൾ ഒരു ചോദ്യവുമായി നിങ്ങളുടെ അഭിഭാഷകനെ ബന്ധപ്പെടുമ്പോഴും, ഓരോ തവണയും അവർ നിങ്ങൾക്കായി എന്തെങ്കിലും ചെയ്യുമ്പോഴും (കത്തുകൾ എഴുതുക, മീറ്റിംഗുകൾ നടത്തുക അല്ലെങ്കിൽ ഫോൺ കോളുകൾ നടത്തുക), നിങ്ങളുടെ കേസിന്റെ ചെലവ് വർദ്ധിക്കും. ഈ ചെലവുകളിൽ ചിലത് അല്ലെങ്കിൽ മുഴുവനും നിങ്ങൾക്ക് നൽകേണ്ടി വന്നേക്കാം.

നിങ്ങളുടെ കേസിന് എത്രത്തോളം ചെലവ് വരുമെന്ന് കണക്കാക്കാനും, കേസ് മുന്നോട്ട് പോകുമ്പോൾ ഈ കണക്കാക്കിയ തുക മാറുന്നുണ്ടോ എന്ന് നിങ്ങളോട് പറയാനും നിങ്ങളുടെ അഭിഭാഷകനോട് ആവശ്യപ്പെടുക. സ്വകാര്യമായി പണമടയ്ക്കുന്ന ഒരു ക്ലയന്റ് ഒരുപക്ഷേ അതാണ് ചെയ്യുന്നത്, നിങ്ങളും അതുതന്നെ ചെയ്യണം.

അനാവശ്യ ചെലവുകൾക്ക് കാരണമാകുന്ന രീതിയിൽ നിങ്ങളുടെ കേസ് കൈകാര്യം ചെയ്യാൻ നിങ്ങളുടെ അഭിഭാഷകനോട് ആവശ്യപ്പെടരുത്. ഉദാഹരണത്തിന്, കേസ് തീർപ്പാക്കാനുള്ള ന്യായമായ ഒരു വാഗ്ദാനം നിരസിക്കുന്നത്, അല്ലെങ്കിൽ നിങ്ങളുടെ കേസിന്റെ അടിസ്ഥാനം നിരന്തരം മാറ്റുന്നത്.

ദയവായി നിങ്ങളുടെ അഭിഭാഷകനുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുക, അവരിൽ നിന്നോ ഞങ്ങളിൽ നിന്നോ ഉള്ള വിവരങ്ങൾക്കായുള്ള അഭ്യർത്ഥനകൾ വേഗത്തിൽ കൈകാര്യം ചെയ്യുക.

## മാറ്റങ്ങളെക്കുറിച്ച് ഞാൻ നിങ്ങളോട്

## പറഞ്ഞില്ലെങ്കിൽ എന്ത് സംഭവിക്കും?

നിങ്ങളുടെ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് നിങ്ങൾ നൽകുന്ന വിവരങ്ങൾ പൂർണ്ണവും കൃത്യവുമായിരിക്കണം. നിങ്ങൾ ഞങ്ങൾക്ക് തെറ്റായ വിവരങ്ങൾ നൽകുകയാണെങ്കിൽ:

- ഞങ്ങൾ നിങ്ങളുടെ നിയമസഹായം നിർത്തിയേക്കാം.
- നിങ്ങളുടെ കേസിനായി നിങ്ങൾക്ക് ലഭിച്ച നിയമസഹായത്തിന്റെ ചെലവ് നിങ്ങൾ തിരിച്ചടയ്ക്കേണ്ടതായി വന്നേക്കാം.
- നിങ്ങൾക്കെതിരെ ക്രിമിനൽ നടപടികൾ എടുത്തേക്കാം.

## ഞാൻ സിവിൽ ലീഗൽ എയ്ഡ് ഫിനാൻഷ്യൽ ഫോം പൂർത്തിയാക്കിയതിന് ശേഷം അല്ലെങ്കിൽ നിങ്ങൾ നിയമ സഹായം നൽകിയതിനുശേഷം എന്റെ സാഹചര്യങ്ങൾ മാറുകയാണെങ്കിൽ എന്ത് ചെയ്യും?

നിങ്ങളുടെ കേസിനെ ബാധിക്കുന്ന ഏത് മാറ്റങ്ങളെക്കുറിച്ചും നിങ്ങൾ ഉടൻ ഞങ്ങളോട് പറയണം. നിങ്ങൾ നിയമസഹായത്തിനായി അപേക്ഷിക്കുകയും, ഇപ്പോഴും ഒരു തീരുമാനത്തിനായി കാത്തിരിക്കുകയുമാണെങ്കിൽ, അല്ലെങ്കിൽ ഞങ്ങൾ ഇതിനകം നിങ്ങൾക്ക് നിയമ സഹായം നൽകിയിട്ടുണ്ടെങ്കിൽ നിങ്ങൾ ഇത് ചെയ്യണം.

ഈ മാറ്റങ്ങൾ നിങ്ങൾ സാമ്പത്തികമായി യോഗ്യത നേടുന്നുണ്ടോ എന്നതിനെ ബാധിക്കും, കൂടാതെ ഈ കേസിന്റെ ചെലവിൽ നിങ്ങൾ നൽകേണ്ട സംഭാവന കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത് സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.

നിങ്ങളുടെ പങ്കാളിയുടെയോ, അല്ലെങ്കിൽ ഇണയുടെ

സാഹചര്യങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ ഉള്ളത് ഞങ്ങളോട് പറയണം.

നിങ്ങൾ ഞങ്ങളെ ബന്ധപ്പെടുമ്പോൾ, ദയവായി നിങ്ങളുടെ റഫറൻസ് നമ്പർ കൈയ്യിൽ കരുതുക, അല്ലെങ്കിൽ കത്തുകളിൽ അത് ഉദ്ധരിക്കുക.

നിയമസഹായത്തിനുള്ള നിങ്ങളുടെ അവകാശത്തെ ബാധിക്കുന്ന ഏതെങ്കിലും മാറ്റങ്ങളെക്കുറിച്ച് നിങ്ങളും നിങ്ങളുടെ അഭിഭാഷകനും ഞങ്ങളോട് പറയണം. നിങ്ങളുടെ അഭിഭാഷകൻ ഞങ്ങൾക്ക് പതിവായി റിപ്പോർട്ട് ചെയ്യണം, കൂടാതെ ഈ റിപ്പോർട്ടുകളുടെ ഒരു പകർപ്പ് നിങ്ങൾക്ക് നൽകണം. ഈ റിപ്പോർട്ടുകളിലെ എന്തെങ്കിലും കാരണത്താൽ നിയമസഹായം പിൻവലിക്കുന്നത് ഞങ്ങൾ പരിഗണിക്കുകയാണെങ്കിൽ, അവയെക്കുറിച്ച് അഭിപ്രായം പറയാൻ ഞങ്ങൾ നിങ്ങൾക്ക് അവസരം നൽകും.

## ഈ മാറ്റങ്ങളെക്കുറിച്ച് എത്ര കാലം എനിക്ക് നിങ്ങളോട് പറയണം?

നിങ്ങളുടെ അപേക്ഷ ലഭിച്ച് 12 മാസത്തിനുള്ളിൽ നിങ്ങളുടെ വരുമാനത്തിലുള്ള ഗണ്യമായ മാറ്റങ്ങളെക്കുറിച്ച് ഞങ്ങൾ അറിയേണ്ടതുണ്ട്, നിങ്ങളുടെ അഭിഭാഷകൻ കേസിൽ പ്രവർത്തിക്കുന്നില്ലെങ്കിലും അല്ലെങ്കിൽ കേസ് അവസാനിച്ചിട്ടുണ്ടെങ്കിൽ പോലും.

നിങ്ങളുടെ വാർഷിക വരുമാനം £500 അതിൽ കൂടുതലോ വർദ്ധിക്കുകയോ അല്ലെങ്കിൽ £200 അതിൽ കൂടുതൽ കുറയുകയോ ചെയ്താൽ നിങ്ങൾ ഉടൻ ഞങ്ങളെ അറിയിക്കണം.

12 മാസത്തെ കാലയളവിനു ശേഷം നിങ്ങളുടെ വരുമാനത്തിലുള്ള മാറ്റങ്ങൾ നിങ്ങൾ അടയ്ക്കുന്ന മൊത്തം തുകയെ ബാധിക്കില്ല, എന്നിരുന്നാലും കുറഞ്ഞ (അല്ലെങ്കിൽ കൂടുതൽ) ഗഡുക്കളായി അടയ്ക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം.

നിങ്ങളുടെ കേസിന്റെ കാലത്ത് നിങ്ങളുടെ മൂലധനം £500, അല്ലെങ്കിൽ അതിലേറെ വർദ്ധിക്കുകയാണെങ്കിൽ നിങ്ങൾ ഞങ്ങളെ അറിയിക്കണം. കേസിന്റെ കാലത്ത് മൂലധനത്തിലുള്ള മാറ്റങ്ങൾ നിങ്ങളുടെ കേസിന്റെ ചെലവിൽ നിങ്ങൾ നൽകേണ്ട ഏത് സംഭാവനയെയും ബാധിച്ചേക്കാം.

## ഞങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളുടെ ചില ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

- നിങ്ങളുടെ വിലാസം, തൊഴിൽ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിഗത വിശദാംശങ്ങൾ എന്നിവയിലെ മാറ്റങ്ങൾ.
- നിങ്ങൾ ആനുകൂല്യങ്ങൾ സ്വീകരിക്കാൻ തുടങ്ങുകയോ അല്ലെങ്കിൽ സ്വീകരിക്കുന്നത് നിർത്തുകയോ ചെയ്യുകയാണെങ്കിൽ.
- നിങ്ങളുടെ വരുമാനത്തിലോ നിങ്ങളുടെ ജോലിയുമായി ബന്ധപ്പെട്ട ചെലവുകളിലോ ആനുകൂല്യങ്ങളിലോ ഉള്ള മാറ്റങ്ങൾ.
- ആരെങ്കിലും നിങ്ങളോടൊപ്പം ജീവിക്കാൻ തുടങ്ങുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നു.
- നിങ്ങൾക്ക്, അല്ലെങ്കിൽ നിങ്ങൾക്കൊപ്പം താമസിക്കുന്ന 18 വയസ്സിന് മുകളിലുള്ള ആർക്കെങ്കിലും ഒരു ജോലി ലഭിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നു.
- പേയ്മെന്റുകൾ, വാടക, ബോർഡ്, പണയം, കൗൺസിൽ നികുതി,
- അറ്റകുറ്റപ്പണി, ശിശു പരിപാലനം, യാത്ര അല്ലെങ്കിൽ സ്വകാര്യ പെൻഷൻ പദ്ധതികൾ എന്നിവയിലെ മാറ്റങ്ങൾ.
- നിങ്ങളുടെയോ അല്ലെങ്കിൽ നിങ്ങളുടെ പങ്കാളിയുടെയോ ഉടമസ്ഥതയിലുള്ള എല്ലാ ഭൂമിയുടെയും കെട്ടിടങ്ങളുടെയും മൂല്യം, നിങ്ങൾ താമസിക്കുന്ന വീട് ഒഴികെ, ഒരു ടൈംഷെയറിലുള്ള പലിശ ഉൾപ്പെടെ.
- റിഡൻഡൻസി പേയ്മെന്റുകൾ.
- ഇൻഷുറൻസ് പോളിസികളിൽ കടം വാങ്ങാൻ കഴിയുന്ന പണം.
- ഒരു ബോട്ട്, കാരവൻ, രണ്ടാമത്തെ കാർ,

ആഭരണങ്ങൾ ( വിവാഹ, വിവാഹനിശ്ചയ മോതിരങ്ങൾ അല്ല), പുരാതന വസ്തുക്കൾ അല്ലെങ്കിൽ നിക്ഷേപത്തിനായി വാങ്ങിയ ഇനങ്ങൾ എന്നിവ പോലുള്ള അത്യാവശ്യമല്ലാത്ത വസ്തുക്കളുടെ മൂല്യം.

- നിങ്ങളോടോ നിങ്ങളുടെ പങ്കാളിയോടോ കടപ്പെട്ടിരിക്കുന്ന പണം.
- നിങ്ങൾ നേടുന്നതെന്തും, അല്ലെങ്കിൽ കൊടുക്കുന്നത്.
- ഏത് തരത്തിലുമുള്ള സമ്പാദ്യവും നിക്ഷേപവും.
- £500-ൽ അധികം മൂല്യമുള്ള, കാലാവധിയെത്തിയ ലൈഫ് ഇൻഷുറൻസ് അല്ലെങ്കിൽ സമാനമായ മറ്റ് പോളിസികളിൽ നിന്നുള്ള പേയ്മെന്റുകൾ.
- മരിച്ചുപോയ ഒരാളുടെ വിൽപത്രത്തിൽ നിന്നുള്ള പണം അല്ലെങ്കിൽ സ്വത്ത്
- ഒരു ട്രസ്റ്റ് ഫണ്ടിൽ നിന്ന് കുടശ്ശികയായുള്ള പണം.
- ബിസിനസ് ആസ്തികളിൽ കടം വാങ്ങാൻ കഴിയുന്ന പണം.
- നിങ്ങൾ അപേക്ഷിച്ചപ്പോൾ നിങ്ങൾക്ക് ഉണ്ടായിരുന്ന മൂലധനത്തിന്റെ അളവ് £500 അല്ലെങ്കിൽ കൂടുതൽ വർദ്ധിപ്പിക്കുന്ന, മറ്റൊരു സ്രോതസ്സിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്ന പണം.
- നിങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്ന മറ്റെന്തെങ്കിലും സംഭവം.

## മാറ്റങ്ങളെക്കുറിച്ച് ഞാൻ നിങ്ങളോട് പറയുമ്പോൾ എന്ത് സംഭവിക്കും?

നിങ്ങളുടെ യോഗ്യത ഞങ്ങൾ വീണ്ടും വിലയിരുത്തുമ്പോൾ, നിയമസഹായം നിർത്തുകയില്ല; നിങ്ങളുടെ അഭിഭാഷകന് നിങ്ങളുടെ കേസ് തുടരാൻ കഴിയും. നിങ്ങളുടെ കേസിന്റെ ചെലവിന് നിങ്ങൾ ശരിയായ തുക നൽകുന്നുവെന്ന് ഞങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്.

## 8 എനിക്ക് അഭിഭാഷകനെ മാറ്റാൻ കഴിയുമോ?

അതെ, പക്ഷേ നിങ്ങൾക്ക് അതിന് നല്ല ഒരു കാരണം

ഉണ്ടെന്നും, നിയമസഹായം ലഭിക്കുന്നത് തുടരുന്നത് ഇപ്പോഴും ന്യായമായതാണെന്നും ഞങ്ങൾക്ക് ബോധ്യപ്പെടേണ്ടതുണ്ട്. മികച്ച കാരണങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

- നിങ്ങൾക്ക് വേണ്ടി ജോലി ചെയ്യുന്ന അഭിഭാഷകന്റെ അനാരോഗ്യം അല്ലെങ്കിൽ മരണം.
- നിങ്ങളുടെ അഭിഭാഷകൻ ജോലി ചെയ്യുന്ന പ്രദേശത്ത് നിന്ന് നിങ്ങൾ മാറുന്നു, അത് മറ്റൊരു അഭിഭാഷകനെ സന്ദർശിക്കുന്നത് കൂടുതൽ സൗകര്യപ്രദമാക്കുന്നു.

നിങ്ങൾക്ക് വേണ്ടി ആര് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെന്നതിനെക്കുറിച്ച് നിങ്ങളുടെ തീരുമാനം മാറ്റിയാൽ നിങ്ങളുടെ അഭിഭാഷകനെ മാറ്റുന്നതിനോട് ഞങ്ങൾ യോജിക്കാൻ സാധ്യതയില്ല.

## 9 SLAB-ന് നിയമ സഹായം പിൻവലിക്കാൻ കഴിയുമോ?

ഇനിപ്പറയുന്ന ഉദാഹരണങ്ങളിലേത് പോലുള്ള കാരണങ്ങളാൽ, നിങ്ങളുടെ നിയമസഹായം പിൻവലിക്കാൻ ഞങ്ങൾ തീരുമാനിച്ചേക്കാം:

- നിങ്ങളുടെ സാമ്പത്തിക സാഹചര്യങ്ങൾ മാറുന്നു, തുടർന്ന് നിങ്ങൾക്ക് യോഗ്യതയില്ല.
- നിങ്ങൾ അനാവശ്യമായി കേസ് നടത്തുന്നു.
- നിങ്ങൾ ഒരു വ്യാജ പ്രസ്താവന നടത്തി.
- നിങ്ങൾ നൽകണമെന്ന് ഞങ്ങൾ തീരുമാനിച്ച ഒരു സംഭാവന നിങ്ങൾ നൽകിയില്ല.

ഇത് സംഭവിക്കുകയാണെങ്കിൽ, നിയമസഹായം പിൻവലിക്കരുതെന്ന് നിങ്ങൾ കരുതുന്നത് എന്തുകൊണ്ടാണെന്ന് ഞങ്ങളോട് പറയാൻ ഞങ്ങൾ അവസരം നൽകും.

## 10 എന്റെ അഭിഭാഷകൻ എനിക്ക് വേണ്ടി സ്വകാര്യമായി പ്രവർത്തിക്കാൻ നിർദ്ദേശിക്കുകയോ അല്ലെങ്കിൽ എനിക്ക് നിയമസഹായം ലഭിക്കുമ്പോൾ എന്നിൽ നിന്ന് പണം ഈടാക്കുകയാണെങ്കിലോ എന്ത് ചെയ്യും?

നിങ്ങൾക്ക് നിയമ സഹായം ലഭിക്കുന്ന ഒരു കേസിൽ ചെയ്ത ജോലിക്ക് സ്വകാര്യമായി പണം നൽകാൻ അഭിഭാഷകന് നിങ്ങളോട് ആവശ്യപ്പെടാൻ കഴിയില്ല. ഉപദേശമോ സഹായമോ സിവിൽ നിയമസഹായമോ ഉള്ളിടത്ത് ഏത് സമയത്തും കേസിന് പണം നൽകാൻ മാത്രമേ അവർക്ക് നിങ്ങളോട് ആവശ്യപ്പെടാൻ കഴിയൂ.

ഞങ്ങൾ നിങ്ങൾക്ക് നിയമ സഹായം നൽകുകയാണെങ്കിൽ, അധിക ജോലികൾ (വിദഗ്ധരെയോ അഭിഭാഷകരെയോ നിയമിക്കുന്നത് പോലുള്ളവ) നടപ്പിലാക്കാൻ നിങ്ങളുടെ അഭിഭാഷകന് ഞങ്ങളുടെ കരാർ ലഭിച്ചേക്കാം. നിങ്ങളുടെ അഭിഭാഷകന് അധിക ജോലി ചെയ്യാനോ കൂടുതൽ പണം ചെലവഴിക്കാനോ കഴിയുമെന്ന് ഞങ്ങൾ സമ്മതിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ കേസിനായി ഉപദേശവും സഹായവും അല്ലെങ്കിൽ നിയമസഹായവും തുടരുമ്പോൾ ഇതിനായി പ്രത്യേകം പണമടയ്ക്കാൻ അവർ നിങ്ങളോട് ആവശ്യപ്പെടില്ല.

ഞങ്ങൾ നിങ്ങൾക്ക് നിയമസഹായം നിഷേധിക്കുകയോ അല്ലെങ്കിൽ നിങ്ങളുടെ നിയമസഹായം അല്ലെങ്കിൽ ഉപദേശവും സഹായവും നിർത്തുകയോ ചെയ്താൽ, നിങ്ങളുടെ അഭിഭാഷകൻ നിങ്ങൾക്കായി സ്വകാര്യമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശിച്ചേക്കാം. ഇത് സംഭവിച്ചാൽ:

- അതിനുള്ള കാരണങ്ങൾ വിശദീകരിക്കാൻ അവരോട് ആവശ്യപ്പെടുക.

- അവർ നിങ്ങൾക്കായി ജോലി ചെയ്യാൻ തുടങ്ങുന്നതിന് മുമ്പ് അവരുടെ ബിസിനസ് നിബന്ധനകൾ നിങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.

## എന്റെ അഭിഭാഷകന് എത്ര തുക നൽകണം എന്നതിനെക്കുറിച്ച് എനിക്ക് എന്തെങ്കിലും അഭിപ്രായം പറയാൻ കഴിയുമോ?

ഞങ്ങൾ അഭിഭാഷകർക്ക് നൽകുന്നത് നിയമപ്രകാരം നിശ്ചയിച്ച തുകയാണ്, കൂടാതെ ചെയ്ത ജോലിയും ചെലവും ന്യായമായതാണെന്ന് ഉറപ്പാക്കാൻ ഞങ്ങൾ അവരുടെ ബില്ലുകൾ പരിശോധിക്കും.

# 11 സ്കോട്ടിഷ് ലീഗൽ എയ്ഡ് ബോർഡിൽ നിന്ന് എനിക്ക് എന്ത് പ്രതീക്ഷിക്കാനാവും?

ഞങ്ങളുടെ എല്ലാ ഉപഭോക്താക്കൾക്കും ഉയർന്ന നിലവാരമുള്ള സേവനം നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിയമസഹായ അപേക്ഷകളുമായും അക്കൗണ്ടുകളുമായും ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഞങ്ങൾ സമയബന്ധിതമായും കൃത്യമായും ന്യായമായും കൈകാര്യം ചെയ്യും എന്നതാണ് നിങ്ങളോടുള്ള ഞങ്ങളുടെ പ്രതിബദ്ധത.

ഞങ്ങൾ എല്ലായ്പ്പോഴും നിങ്ങളോട് മാന്യമായി പെരുമാറുകയും രഹസ്യാത്മകതയ്ക്കുള്ള നിങ്ങളുടെ അവകാശത്തെ മാനിക്കുകയും ചെയ്യും.

ഞങ്ങൾ നിങ്ങളോടോ നിങ്ങളുടെ അഭിഭാഷകനോടോ കൂടുതൽ വിവരങ്ങളോ രേഖകളോ അയയ്ക്കാൻ ആവശ്യപ്പെടുകയാണെങ്കിൽ, നിങ്ങൾ എത്രയും വേഗം അത് ചെയ്യേണ്ടത് പ്രധാനമാണ്. ഞങ്ങളുടെ സേവന മാനദണ്ഡങ്ങളിൽ അപേക്ഷകളിൽ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ലക്ഷ്യമിടുന്ന സമയപരിധി ഉൾപ്പെടുന്നു. നിങ്ങളിൽ നിന്നോ നിങ്ങളുടെ അഭിഭാഷകനിൽ നിന്നോ രേഖകളോ വിവരങ്ങളോ ലഭിക്കുന്നതിന് ഞങ്ങൾ കാത്തിരിക്കേണ്ട സമയം ഈ സമയ അളവുകോലുകളിൽ ഉൾപ്പെടുന്നില്ല.

സേവന മാനദണ്ഡങ്ങൾക്കായി ദയവായി കാണുക - https://www.slab.org.uk/about-us/what-we-do/ corporate-plans/index.html.

## ഞാൻ നിങ്ങൾക്ക് നൽകുന്ന വിവരങ്ങൾ നിങ്ങൾ എങ്ങനെ ഉപയോഗിക്കും?

ഞങ്ങളുടെ വെബ്സൈറ്റിൽ കാണാവുന്ന ഞങ്ങളുടെ സ്വകാര്യതാ നോട്ടീസ് പരിശോധിക്കുക - https://www.slab.org.uk/about-us/access-to-information/SLAB_privacy_policy.html

ഡാറ്റാ സംരക്ഷണ നിയമം, വിവരാവകാശ നിയമം (സ്കോട്ട്ലൻഡ്) 2002 എന്നിവ പ്രകാരം വിവരങ്ങൾക്കുള്ള നിങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ

ഞങ്ങളുടെ വെബ്സൈറ്റിൽ "വിവരങ്ങളിലേക്കുള്ള

പ്രവേശനം" എന്ന വിവര ലഘുലേഖയിൽ ലഭ്യമാണ്, കൂടാതെ ഞങ്ങളുടെ വെബ്സൈറ്റിലും ലഭ്യമാണ് - https://www.slab.org.uk/export/sites/default/common/documents/publications/leaflets/Access_to_Information_booklet.pdf

## 12 എന്റെ അഭിഭാഷകനിൽ നിന്ന് എനിക്ക് എന്ത് പ്രതീക്ഷിക്കാനാവും?

നിങ്ങളുടെ അഭിഭാഷകൻ ഇപ്രകാരം ചെയ്യും:

- നിങ്ങളുടെ കേസിനായി നിങ്ങൾ പണം നൽകേണ്ടി വരുന്നത് ഉൾപ്പെടെ നിയമ സഹായം നിങ്ങൾക്ക് എന്താണ് നൽകുകയെന്ന് വിശദീകരിക്കും.
- നിങ്ങളുടെ കേസ് ഏറ്റവും മികവോടെയും ഫലപ്രദവുമായ രീതിയിൽ കൈകാര്യം ചെയ്യും.
- നിയമസഹായത്തിനുള്ള നിങ്ങളുടെ അപേക്ഷയിലും നിങ്ങളുടെ കേസിലും എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങളെ അറിയിച്ചുകൊണ്ടിരിക്കും.
- നിങ്ങളുടെ അപേക്ഷ പരാജയപ്പെട്ടാൽ നിയമസഹായം ലഭിക്കാത്തതിന് പിന്നിലെ കാരണങ്ങൾ വിശദീകരിക്കും.

നിയമസഹായം നിലവിൽ വരുമ്പോൾ, ഞങ്ങൾ അംഗീകരിച്ച വിദഗ്ധരുടെയോ അഭിഭാഷകരുടെയോ ചെലവ് ഉൾപ്പെടെ, നിങ്ങളുടെ നിയമസഹായം കേസിലെ നിങ്ങളുടെ എല്ലാ ചെലവുകളും ഉൾക്കൊള്ളുന്നു. ഉപദേശത്തിനും സഹായത്തിനും വേണ്ടി വിലയിരുത്തുന്ന ഏതെങ്കിലും സംഭാവന ഒഴികെ, കേസിനായി എന്തെങ്കിലും തുക നൽകാൻ നിങ്ങളുടെ അഭിഭാഷകൻ നിങ്ങളോട് ആവശ്യപ്പെടരുത്. തീർച്ചയായും, *6* വിഭാഗത്തിൽ

പരാമർശിച്ചിരിക്കുന്ന തുകകൾ നിങ്ങൾ ഞങ്ങൾക്ക് നൽകേണ്ടിവരും.

## നിങ്ങളുടെയോ എന്റെ അഭിഭാഷകന്റെയോ പെരുമാറ്റത്തിൽ ഞാൻ തൃപ്തനല്ലെങ്കിൽ എന്ത് ചെയ്യും?

ഞങ്ങളുടെ വിവര ഷീറ്റായ പരാതികൾ സംബന്ധിച്ച ഉപഭോക്തൃ ഗൈഡ് ഞങ്ങളുടെ സ്വന്തം പരാതി നടപടിക്രമങ്ങൾ, മറ്റ് വ്യക്തികളെയോ സ്ഥാപനങ്ങളെയോ കുറിച്ച് ആരോട് പരാതിപ്പെടണം എന്നിവ വിശദീകരിക്കുന്നു. ഞങ്ങളുടെ വെബ്സൈറ്റിലെ പരാതി വിഭാഗം കാണുക - https://www.slab.org.uk/about-us/ complaints/

## ഈ ലഘുലേഖ ഞാൻ എന്ത് ചെയ്യണം?

ഈ ലഘുലേഖ പിന്നീട് റഫർ ചെയ്യാനായി ഒരു സുരക്ഷിതമായ സ്ഥലത്ത് സൂക്ഷിക്കുക.

- നിങ്ങൾ അപേക്ഷാ ഫോമുകൾ പൂർത്തിയാക്കുന്നതിന് മുമ്പ് ഈ ലഘുലേഖ ശ്രദ്ധാപൂർവ്വം വായിക്കുക.
- നിങ്ങളുടെ സാമ്പത്തിക യോഗ്യതയെക്കുറിച്ചോ നിങ്ങൾ പൂരിപ്പിക്കേണ്ട ഫിനാൻഷ്യൽ ഫോമുകളെക്കുറിച്ചോ നിങ്ങൾക്ക് മനസ്സിലാകാത്ത എന്ത് കാര്യവും നിങ്ങളുടെ അഭിഭാഷകനുമായി ചർച്ച ചെയ്യുക.
- നിങ്ങളുടെ കേസിനെക്കുറിച്ച് നിങ്ങൾക്ക് മനസ്സിലാകാത്ത എന്ത് കാര്യവും എത്രയും പെട്ടന്ന് നിങ്ങളുടെ അഭിഭാഷകനുമായി ചർച്ച ചെയ്യുക. നിയമസഹായത്തിന് കീഴിൽ നിങ്ങൾക്കായി എന്തെങ്കിലും ജോലി ചെയ്യാൻ അവരോട് ആവശ്യപ്പെടുന്നതിന് മുമ്പ് ഇത് ചെയ്യുന്നതാണ് നല്ലത്. ഏതെങ്കിലും സംഭാവനയുടെ ആദ്യ ഗഡു നിങ്ങൾ അടയ്ക്കുന്നതിന് മുമ്പ്, നിങ്ങൾ

നൽകേണ്ടത് എത്രയാണെന്ന്  മനസ്സിലാക്കേണ്ടത് പ്രധാനമാണ്.

- നിങ്ങൾ ഞങ്ങളെ ബന്ധപ്പെടുമ്പോൾ നിങ്ങളുടെ റഫറൻസ് നമ്പർ കൈവശം വയ്ക്കുക, ഏത് എഴുത്ത് ഇടപാടുകളിലും അത് ഉദ്ധരിക്കുക.

Scottish Legal Aid Board